അനെർട്ട്
ANERT
Agency for New and renewable Energy Research and Technology
നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel.: (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

23.12.2020

## പ്രസിദ്ധീകരണത്തിന്

### സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2019 പ്രഖ്യാപിച്ചു.

അക്ഷയോർജ്ജ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന വ്യക്തികളേയും സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിന് നല്കിവരുന്ന കേരളസംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2019 **ബഹു.വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.എം.എം.മണി** പ്രഖ്യാപിച്ചു. അക്ഷയ ഊർജ്ജ (പാരമ്പര്യേതര ഊർജ്ജം) മേഖലയുടെ വികസനത്തിനും, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വ്യാപകമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും 2017 മുതൽ സംസ്ഥാനതല അവാർഡുകൾ സർക്കാർ നല്കിവരുന്നു. ഈ രംഗത്ത് മികച്ച സേവനം നടത്തുന്നവരെ കണ്ടെത്തി അവാർഡ് നൽകുന്നതിനുള്ള ചുമതല അക്ഷയ ഊർജ്ജമേഖലയിലെ സംസ്ഥാന നോഡൽ ഏജൻസി ആയ അനെർട്ടിനാണ്.

ഊർജ്ജവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മറ്റിക്ക് ആണ് അവാർഡ് നിർണണയത്തിന്റെ മേൽനോട്ടച്ചുമതല. വൈദ്യുതബോർഡ് ചെയർമാൻ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇ.എം.സി. ഡയറക്ടർ, അനെർട്ട് ഡയറക്ടർ എന്നിവരാണ് മറ്റ് അംഗങ്ങൾ. മികച്ച വ്യവസായ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മികച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ചാണ് അവാർഡ് നിർണ്ണയിച്ചിട്ടുള്ളത്. എല്ലാ വിഭാഗങ്ങൾക്കും ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും ആണ് സമ്മാനിക്കുന്നത്.

അക്ഷയ ഊർജ്ജ അവാർഡ് - 2019 ജേതാക്കളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നം | വിഭാഗം | പേര് വിവരം | അവാർഡ് തുക |
|---|---|---|---|
| 1 | സമഗ്ര സംഭാവനയ്ക്കുള്ളവ്യക്തിഗത അവാർഡ് | പ്രൊഫ. വി കെ ദാമോദരൻ | **1,00,000/-** |
| 2 | വ്യവസായ സ്ഥാപനങ്ങൾ (അവാർഡ് പങ്കിട്ടു) | മലയാള മനോരമ ലിമിറ്റഡ്, കോട്ടയം | **50,000/-** |
| | | നീലാംബരി എക്സ്പ്പോർട്സ്, കോഴിക്കോട് | **50,000/-** |
| 3 | വാണിജ്യ സ്ഥാപനങ്ങൾ (അവാർഡ് പങ്കിട്ടു) | കാലിക്കറ്റ്സർവകലാശാല കോ-ഓപ്പറേറ്റിവ് സ്റ്റോർസ് ലിമിറ്റഡ് | **50,000/-** |
| | | ക്ലിനിക് ഡെന്റിസ്ട്രി, വലപ്പാട്, തൃശ്ശൂർ | **50,000/-** |
| 4 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | നാഷണൽസ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട് | **1,00,000/-** |
| 5 | ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നസ്ഥാപനങ്ങൾ | കെയർ ഹോം – ഹെൽപിംഗ് ഹാൻഡ്സ്, കോഴിക്കോട് | **1,00,000/-** |
| 6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | **1,00,000/-** |
| 7 | അക്ഷയ ഊർജ്ജ രംഗത്തെ വ്യവസായ സ്ഥാപനങ്ങൾ (അവാർഡ് പങ്കിട്ടു) | ഗോ ഗ്രീൻ സോളാർ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം | **50,000/-** |
| | | സ്പെക്ക്ട്രം ടെക്നോ പ്രോഡക്റ്റ്സ്, എറണാകുളം | **50,000/-** |

**പ്രശംസാസർട്ടിഫിക്കറ്റിന് അർഹരായവർ**

| നം. | വിഭാഗം | പേര് വിവരം |
|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | സെന്റ് അൽബേർട്ട്സ് കോളേജ്, എറണാകുളം |
| 2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | പുഴക്കൽബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ |
| 3 | റിസർച്ച് &ഇന്നോവേഷൻ | ഡോ. സുസ്മിത മോഹൻ, അന്തിക്കാട്, തൃശ്ശൂർ |
| 4 | വ്യക്തികൾ | ഡോ. നിഖിൽ പി ജി, അയ്യന്തോൾ, തൃശ്ശൂർ |
| | | ശ്രീ. രാജൻ എം പി, കോഴിക്കോട് |

ഡോ.ആർ. ശശികുമാർ (CAPE ഡയറക്ടർ), ഡോ.ആർഹരികുമാർ (ജോയിന്റ് ഡയറക്ടർ,ഇഎംസി), ശ്രീ.കെ.അശോകൻ (മുൻ ബോർഡ് മെമ്പർ, കെ.എസ്.ഇ.ബി) ശ്രീ.വി.കെ.ജോസഫ്(ചീഫ് എഞ്ചിനീയർ, (REES, KSEBL), ശ്രീമതി. ഷീബഎബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,ശ്രീ. ശരവണ കുമാർ (ജോയിന്റ് ഡയറക്ടർ (PEG), CDAC), പ്രോഫ. ഡോ. ശ്രീജയ, ഇലക്ട്രിക്കൽ വിഭാഗം മേധാവി, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, ശ്രീ. സി. റ്റി.അജിത് കുമാർ (സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, അനെർട്ട്) എന്നിവർ അടങ്ങിയ ജഡ്ജിംഗ് കമ്മറ്റിയാണ് അവാർഡ് ജേതാക്കളെ നിശ്ചയിച്ചത്.

23/12/20

അനീഷ് എസ്.പ്രസാദ്
**സ്റ്റേറ്റ് പ്രോഗ്രാം മാനേജർ**